## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 336** **28.01.2019 -ൽ മറുപടിക്ക്.**

## വിവിധ കാർഡുകൾക്ക് അനുവദിക്കുന്ന റേഷൻ സാധനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി എത്ര റേഷൻ കാർഡുകളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| എ.എ.വൈ | - | 585107 |
| മുൻഗണനാ | - | 2983232 |
| മുൻഗണനേതര - സബ്സിഡി (NPS) | - | 2057920 |
| മുൻഗണനേതര നോൺ സബ്സിഡി (NPNS) | - | 2614479 |
| **ആകെ** | **-** | **8240738** |

| | |
|---|---|
| (ബി) ഓരോയിനത്തിലും അനുവദിച്ച് വരുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണ്; വിശദ വിവരം നൽകുമോ; | (ബി) റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻകാർഡുടമകൾക്കും നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു. |

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2019 ജനുവരി മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം **(priority)** | മുൻഗണനേതര വിഭാഗം (സബ്സിഡി) **NP(S)** | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) **NP(NS)** |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം | ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 4 കി.ഗ്രാം ഭക്ഷ്യധാന്യം |
| ഗോതമ്പ് | ഓരോ കാർഡിനും 5 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് 2 കി.ഗ്രാം മുതൽ 3 കി.ഗ്രാം വരെ | കാർഡിന് 2 കി.ഗ്രാം മുതൽ 3 കി.ഗ്രാം വരെ |
| പഞ്ചസാര | ഓരോ കാർഡിനും 1 കി.ഗ്രാം വീതം | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | ഇ-കാർഡിന് (വൈദ്യുതീകരിച്ച വീട്) 1/2 ലിറ്ററും എൻ.ഇ.- കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 4 ലിറ്ററും പ്രളയ ദുരിതാശ്വാസമായി ലഭ്യമായ നോൺ സബ്സിഡി നിരക്കിലുള്ള ഡിംസബർ ക്വാട്ടയിലെ മണ്ണെണ്ണ ജനുവരി മാസത്തിലും കാർഡൊന്നിന് 3 മുതൽ 5 ലിറ്റർ വരെ വാങ്ങാവുന്നതാണ്. | | | |

മുൻഗണനേതര വിഭാഗം നോൺ-സബ്സിഡി വിഭാഗത്തിനുള്ള ഭക്ഷ്യധാന്യത്തിന്റെയും ആട്ടയുടേയും വിതരണ തോത് ലഭ്യതയ്ക്കനുസരിച്ച് വ്യത്യാസം വരാവുന്നതാണ്.

(സി) റേഷൻ കാർഡിനായി വിവിധ സപ്ലൈ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പു കല്പിക്കുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

(സി) അപേക്ഷകളുടെ ബാഹുല്യം കാരണം സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ടെങ്കിലും ത്വരിതഗതിയിൽ അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**